കുടുംബം

●

റഹ്മാൻ മധുരക്കുഴി

# വാർധക്യത്തിന്റെ നിലവിളികൾ

**താലോലിച്ച്** വളർത്തിയ മാതാവിനെയും പിതാവിനെയും വൃദ്ധസദനങ്ങളിൽ കൊണ്ടുപോയി വിട്ടും ചവറ്റുകൂനയിൽ തള്ളിയും ആട്ടിയോടിച്ചും കണ്ണിൽ ചോരയില്ലാതെ വാഴുന്ന മക്കൾ പെരുകിവരുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. മാതാപിതാക്കളെ തല്ലിക്കൊന്നും ആഹാരത്തിൽ വിഷം കലർത്തിയും അവരുടെ ശല്യം എന്നേക്കുമായി ഇല്ലാതാക്കുന്നവരും കുറവല്ല. മാതാപിതാക്കൾ പീഡിപ്പിക്കപ്പെടുന്നുവെന്നാരോപിച്ച് പ്രതിദിനം ഇരുപതിനായിരത്തോളം പരാതികൾ വിവിധ സംസ്ഥാന-ജില്ലകളിലെ തങ്ങളുടെ 540 ഓഫീസുകളിൽ കിട്ടിക്കൊണ്ടിരിക്കുന്നതായി ഏജ്‌വെൽ ഫൗണ്ടേഷൻ പ്രവർത്തകൻ ഹിമാൻ ഷു പറയുന്നു. കുടുംബത്തിലെ 47.3 ശതമാനം മുതിർന്നവരും സ്വന്തം മക്കളിൽ നിന്നോ അടുത്ത ബന്ധുക്കളിൽനിന്നോ പലവിധ പീഡനങ്ങൾക്കും ഇരയാവുന്നു. സ്വന്തം മക്കളുടെയും ബന്ധുക്കളുടെയും അപ്രീതിക്കിടയാവുമെന്ന ഭയത്താലും മക്കളോടുള്ള സ്നേഹാധിക്യം മൂലവും പലരും പരാതി കൊടുക്കാത പീഡനം സഹിക്കുകയാണത്രെ.

മക്കളുടെ കൊടിയ പീഡനം സഹിക്കവയ്യാതെ, കോടതിയെ സമീപിച്ച കോമൾ സിഞ്ചും ലോതികാ സർക്കാറും സെൻട്രൽ ജില്ലാ ട്രൈബ്യൂണലിൽനിന്ന് അനുകൂല വിധി സമ്പാദിച്ചിരിക്കുന്നു. വാർധക്യകാലത്ത് അഛനമ്മമാരെ പീഡിപ്പിച്ചതിന് വീടുവിട്ട് പോവാനാണ് കോടതി കൽപിച്ചത്. പീഡിത വൃദ്ധ മാതാപിതാക്കൾക്ക് അനുകൂലമായി കോടതിയുടെ ഈ മനുഷ്യപ്പറ്റുള്ള വിധി നടപ്പാക്കാൻ സർക്കാർ മുതിരുമോ? മക്കളുടെ 'സ്നേഹവായ്പി'ന്റെ മൂർത്ത രൂപമായി തെരുവുകളിൽ ഇഴയുന്ന നൂറുകണക്കിൽ അഛനമ്മമാർക്ക് ആശ്വാസത്തിന്റെ തണലേകി ഒരിക്കൽ കൂടി തങ്ങളുടെ വീടണയാനാകുമോ? അങ്ങനെ സ്വന്തം വീടുകളിൽ മിനിമം സ്നേഹപരിചര




ണമെങ്കിലും ഈ നിർഭാഗ്യർക്ക് ലഭ്യമാവുമോ?

സർക്കാറും കോടതിയും മാത്രം വിചാരിച്ചാൽ ലഭ്യമാവുന്നതാണോ സ്ഥായിയായ മക്കളുടെ മാതാപിതാസ്നേഹം! തങ്ങളെ തങ്ങളാക്കാൻ സ്നേഹനിധികളായ മാതാപിതാക്കൾ സഹിച്ച ത്യാഗത്തിന്റെയും വേദനയുടെയും കഷ്ടപ്പാടിന്റെയും ദുരന്തകഥയിലെ ഒരു ചെറു അധ്യായം പോലും തെല്ലിട ഓർത്തുനോക്കാൻ മക്കൾ മനസ്സ് കാണിക്കുന്നില്ലെങ്കിൽ, ലോകത്തെ ഏത് സർക്കാറിനാണ്, കോടതിക്കാണ് അവർക്ക് ആശ്വാസമരുളാനാവുക?

തങ്ങൾക്കാവശ്യമായതും തങ്ങളാഗ്രഹിക്കുന്നതുമായ കാര്യങ്ങൾ സ്വയം നിർവഹിക്കാൻ കഴിയാത്ത നിസ്സഹായാവസ്ഥയുടെ ഘട്ടമാണ് വാർധക്യം. ശാരീരികമായ പലവിധ രോഗങ്ങളാലും അസ്വസ്ഥതകളാലും മാനസികമായ തളർച്ചയും നിരാശയും വന്നുഭവിക്കുന്ന കാലം! തങ്ങൾ അവഗണിക്കപ്പെടുകയും പുറംതള്ളപ്പെടുകയും വെറുക്കപ്പെടുകയും വീട്ടിലും സമൂഹത്തിലും അധികപറ്റായി മാറുകയും ചെയ്യുന്നുവോ എന്ന നിരാശ അവരെ പിടികൂടുന്നു. പൊയ്പോയ നല്ലകാലത്തെക്കുറിച്ച് നഷ്ട സ്മൃതികൾ അയവിറക്കി നെടുവീർപ്പിടുന്നു. വല്ലാത്തൊരു അരക്ഷിതബോധം വൃദ്ധമനസ്സുകളെ മഥിക്കുന്നു. ഇന്നലെ വരെ തന്റെ മുഴങ്ങുന്ന ശബ്ദത്തിന് കാതോർത്തവർ തന്നെ കണ്ടില്ല, കേട്ടില്ല എന്ന മട്ടിൽ തിരിഞ്ഞു നടക്കുന്നു. വല്ലാത്തൊരു അവസ്ഥാവിശേഷം. ഇതിലൊക്കെ ഈ കിളവന്/ കിളവിക്ക് എന്ത് കാര്യം? കിട്ടുന്നത് തിന്ന്, നാവടക്കി ഒരിടത്തിരുന്നുകൂടേ എന്ന മട്ടിലാണ് എല്ലാവരുടെയും മട്ടും ഭാവവും. പണ്ടൊക്കെ തങ്ങളുടെ അഭിപ്രായങ്ങൾക്കും ഉപദേശങ്ങൾക്കും ഏറെ നിലയും വിലയും കൽപിച്ചിരുന്നവർ, കാലത്തിന്റെ കോലം മാറ്റത്തിൽ തങ്ങൾക്ക് പുല്ല് വില കൽപിക്കുമ്പോൾ ആ വൃദ്ധ മനസ്സുകൾ തപിക്കുന്നു; വിതുമ്പുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവർ അനുഭവിക്കുന്ന മാനസിക സംഘർഷത്തെക്കുറിച്ചും പിരിമുറുക്കത്തെക്കുറിച്ചും ആരോർക്കാൻ? അവശന്മാർ, ആർത്തന്മാർ, ആലംബഹീനർ... ഇവരുടെ സങ്കടമാരറിയാൻ!

പിഞ്ചു കുഞ്ഞായിരുന്നപ്പോൾ ഇത്തരമൊരു നിസ്സഹായാവസ്ഥയിൽ നമ്മുടെ ദൈനംദിന കാര്യങ്ങളിൽ മാതാപിതാക്കൾ കാണിച്ച ശ്രദ്ധക്കും താൽപര്യത്തിനും സ്നേഹവായ്പിനും പരിചരണത്തിനും നന്ദിപൂർവമായ ഒരു തിരിച്ചു കൊടുപ്പ് നമ്മുടെ നിർബന്ധ ബാധ്യതയാണെന്ന ബോധം നമുക്കുണ്ടാവുന്നുണ്ടോ? ചെറുപ്പത്തിൽ ഞങ്ങളെ സ്നേഹിച്ചും ലാളിച്ചും വളർത്തിയ സ്നേഹനിധികളായ മാതാപിതാക്കൾക്ക് നന്മ ചെയ്യേണമേ എന്ന് മനസ്സ് തുറന്ന് പ്രാർഥിക്കാനുള്ള വേദാഹ്വാനം നമ്മുടെ ശ്രവണപുടങ്ങളിൽ എന്തേ അനുരണനം സൃഷ്ടിക്കാതെ പോവുന്നു? ഇന്ന് നമ്മുടെ വൃദ്ധ മാതാപിതാക്കൾ തരണം ചെയ്യുന്ന വാർധക്യത്തിന്റെയും അവശതയുടെയും

നിലവിളികൾ, നാളെ നമ്മെയും കാത്തിരിക്കുന്നുണ്ടെന്ന ബോധം നമുക്കു തന്നെയല്ലേ ഗുണം ചെയ്യുക.

നമുക്കു വേണ്ടി ത്യാഗത്തിന്റെ വൻഭാരം ചുമന്ന സ്നേഹോഷ്മള പരിചരണത്താൽ നമ്മെ 'ശ്വാസം മുട്ടിച്ച' നമ്മുടെ പ്രിയ മാതാപിതാക്കൾക്ക് അവരുടെ അവശാവസ്ഥയിൽ ആശ്വാസമരുളാനും സാന്ത്വനത്തിന്റെ തൂവൽസ്പർശം നൽകാനും നമുക്കാവില്ലെങ്കിൽ ഭൂമിയിൽ പിന്നെ ആർക്കാണതിന് സാധിക്കുക? മാതാപിതാക്കളെ വൃദ്ധ സദനങ്ങളിൽ കൊണ്ടാക്കി, മാസാമാസം 'സംരക്ഷണത്തുക' മുറതെറ്റാതെ അയച്ചുകൊടുക്കാൻ സൗമനസ്യം കാണിക്കുന്ന മക്കളുണ്ടിവിടെ. എന്നാൽ, ഇത്തരം സദനങ്ങളിൽ തങ്ങൾക്ക് ജന്മം നൽകി, പാലൂട്ടി വളർത്തിയ മാതാപിതാക്കളെ വർഷത്തിലൊരിക്കലെങ്കിലും കാണാൻ സമയം കണ്ടെത്താത്ത മക്കളെ ചൊല്ലി കണ്ണീർ വാർക്കുന്നവരാണ് ചില മാതാപിതാക്കൾ. ആഹാരം ഒരു നേരം കിട്ടിയില്ലെങ്കിലും, ഉമ്മാ, ഉപ്പാ എന്ന സ്നേഹപൂർവമായ ഒരു വിളി കേൾക്കാൻ കൊതിക്കുകയാണവർ. മാതാവിന്റെ പാദങ്ങളിലാണ് സ്വർഗമെന്നും ഭൂമിയിൽ മക്കൾക്ക് ഏറ്റവും അധികം കടപ്പാടുള്ളത് മാതാവിനോടും പിന്നെ പിതാവിനോടുമാണെന്നും അവരുടെ വെറുപ്പ് സമ്പാദിച്ചവന് സ്വർഗലോകം നിഷിദ്ധമാണെന്നുമൊക്കെയുള്ള വേദപാഠങ്ങൾ വിസ്മൃതിയിലേക്ക് തള്ളുന്നവരേക്കാൾ നിർഭാഗ്യവാന്മാർ ആരാണുള്ളത്? ■